**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2295** **06-07-2022 - ൽ മറുപടിയ്ക്ക്**

**ഓഫീസ് അറ്റന്റന്റുമാർക്ക് പ്രൊമോഷൻ നൽകുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള വിവിധ ഓഫീസുകളിലെ ഓഫീസ് അറ്റന്റന്റുമാർക്ക് അർഹമായ പ്രൊമോഷൻ സമയബന്ധിതമായി ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br><br>തദ്ദേശ സ്വയംഭരണവകുപ്പിന് കീഴിലുള്ള ഗ്രാമവികസനം, പഞ്ചായത്ത്, നഗരകാര്യം, ചീഫ് ടൗൺ പ്ലാനറുടെ കാര്യാലയം എന്നിവിടങ്ങളിൽ ഓഫിസ് അറ്റെൻഡന്റുമാർക്കു അർഹമായ പ്രൊമോഷൻ സമയബന്ധിതമായി നൽകുന്നുണ്ട് .എൻജിനീയറിങ് വിഭാഗത്തിൽ ഓഫീസ് അറ്റന്റന്റ് തസ്തികയിൽ നിന്ന് എൽ.ഡി ടൈപ്പിസ്റ്റ് തസ്തികയിലേക്ക് ബൈ ട്രാൻസ്ഫർ നിയമനത്തിനുള്ള സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതു സംബന്ധിച്ച്, ചീഫ് എൻജിനീയർ ആവശ്യപ്പെട്ടതനുസരിച്ച് സർക്കാർ സ്പഷ്ടീകരണം നൽകിയിട്ടുണ്ട്. അതിൻപ്രകാരം ടി തസ്തികയിലേക്കുള്ള പ്രൊമോഷൻ നടപടികൾ പൂർത്തീകരിക്കുന്നതാണ്. ഓഫീസ് അറ്റന്റന്റ്മാരുടെ ക്ലാർക്ക് തസ്തികയിലേക്കുള്ള പ്രൊമോഷൻ ക്വാട്ട ഈ വിഭാഗത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | ഓരോ ഓഫീസിലും പ്രസ്തുത തസ്തികയിൽ ഏറ്റവും അവസാനം നൽകിയ പ്രൊമോഷൻ ഏതു വർഷങ്ങളിലാണെന്ന് വിശദമാക്കുമോ? | (ബി) | ഗ്രാമവികസന വകുപ്പ് - 2022<br><br>പഞ്ചായത്ത് വകുപ്പ് - 2021 (കാസർഗോഡ്, പാലക്കാട്, കോട്ടയം ജില്ലകളിൽ), 2022 (മറ്റു ജില്ലകളിൽ )<br><br>നഗരകാര്യ വകുപ്പ് - 2021- എൽ ഡി ക്ലാർക്ക്/ബിൽ കളക്ടർ തസ്തികയിലേക്ക് , 2019 - എൽ ഡി ടൈപ്പിസ്റ്റ് തസ്തികയിലേക്ക്<br><br>ചീഫ് ടൗൺ പ്ലാനറുടെ കാര്യാലയം - 2021 (എൽ ഡി ക്ലാർക്ക്തസ്തികയിലേക്ക്)<br><br>എൻജിനീയറിങ് വിഭാഗം - 2020 (ക്ലാർക്ക്തസ്തികയിലേക്ക് ) |

സെക്ഷൻ ഓഫീസർ